## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2390**

**08.07.2015 ന് മറുപടിയ്ക്ക്.**

## ഐ.ടി.ഐ.കളുടെ നവീകരണം

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ് :
ശ്രീ. വി.ചെന്താമരാക്ഷൻ :
ഡോ.കെ.ടി.ജലീൽ :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :

(എ) വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ (ഐ.ടി.ഐ) നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

എ) ഐ.ടി.ഐ. കളുടെ നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വകുപ്പുതലത്തിൽ യോഗം നടത്തുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 സർക്കാർ ഐ.ടി.ഐ. കളുടെ നിലവാരമുയർത്തൽ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 ഐ.ടി.ഐ. കൾ ഉൾപ്പെടെ 26 ഐ.ടി.ഐ. കളിലും ഐ.ടി.ഐ. കളിലെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി ആ സ്ഥാപനത്തിന്റെ അപ്ഗ്രഡേഷനു ആവശ്യമായ പ്രോജക്ട് തയ്യാറാക്കി സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിനു സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 26 ഐ.ടി.ഐ. കൾക്കും 2.5 കോടി രൂപ ക്രമത്തിൽ 65 കോടി രൂപ പലിശരഹിത വായ്പയായി അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 5 വർഷം കൊണ്ടാണ് തുക ചെലവാക്കേണ്ടത്. ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനത്ത് സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയെ സഹായിക്കുന്നതിന് സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ല് വർക്ക്ഷോപ്പുകളും റിവ്യൂ മീറ്റിംഗുകളും നടത്തുന്നുണ്ട്. കൂടാതെ സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിൽ വിശദമായ വിലയിരുത്തലുകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നുമുണ്ട്. 10.3.2015 ൽ നടന്ന സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി ഈ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.

ലോകബാങ്കിന്റെ സഹായത്തോടെ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ 7 ഐ.ടി.ഐ. കളെ (ധനുവച്ചപുരം, കൊല്ലം (വനിത), പള്ളിക്കത്തോട്, ആര്യനാട്, മലമ്പുഴ, കൊയിലാണ്ടി, കൽപ്പറ്റ) തെരഞ്ഞെടുത്തിരുന്നു. കൂടാതെ സംസ്ഥാനത്തെ ഐ.ടി.ഐ. കളെ ഡി.ജി.ഇ.റ്റിയുമായി ബന്ധപ്പെടുത്തുന്നതിന് വേണ്ടി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം

നടപ്പിലാക്കുന്നതിനും കൊല്ലം (വനിത), മലമ്പുഴ എന്നീ ഐ.ടി.ഐ. കളുടെ നവീകരണത്തിനായി അനുവദിച്ച അഡീഷണൽ ഫണ്ടിംഗിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി കൂടാറുണ്ട്.

(ബി) നവീകരണ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തി കളാണ് ഉദ്ദേശിക്കുന്നത്;

(ബി) വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നവീകരണ ത്തിനായി റവന്യൂ ശീർഷകത്തിൽ 47.10 കോടി രൂപയും മൂലധന ശീർഷകത്തിൽ 16 കോടി രൂപയും ഉൾപ്പെടെ ആകെ 63.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി നടത്താനുദ്ദേശിക്കുന്നതും നടപ്പിലാക്കിയിട്ടുള്ളതുമായ കാര്യ ങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 10 ഐ.ടി.ഐ. കൾക്ക് ഐ.എസ്.ഒ അംഗീകാരം നേടിയെടുക്കാൻ ഉദ്ദേശിക്കുന്നു.
2. ഡി/സിവിൽ, (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിൽ ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് വഴി പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.
3. എംപ്ലോയബിലിറ്റി സ്കിൽ വിഷയം വിർച്വൽ ക്ലാസ്സ് വഴി തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ. കളിലെ പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.
4. വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ ഐ.ടി.ഐ. കളിലെയും ട്രെയിനികൾക്ക് ആഴ്ചയിൽ മൂന്ന് ദിവസം ഒരു ഗ്ലാസ് പാലും ഒരു മുട്ടയും വീതം നൽകിക്കൊണ്ടുള്ള പോഷകാഹാര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഡവലപ്മെന്റ് പ്ലാൻ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച പുതിയ ട്രേഡുകൾ ആരംഭിച്ചും, നിലവിലുള്ള ട്രേഡുകളുടെ അപ്ഗ്രഡേഷൻ നടത്തിയും, ഐ.ടി.ഐ. കളുടെ മൊത്തത്തിലുള്ള അപ്ഗ്രഡേഷനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

നവീകരണ പദ്ധതിയുടെ ഭാഗമായി കോഴിക്കോട്, മലമ്പുഴ, കണ്ണൂർ എന്നീ 3 ഐ.ടി.ഐ. കളിലെ വർക്ക്ഷോപ്പ് നവീകരണത്തിനായി ഓരോ കോടി രൂപ നിരക്കിൽ 3 കോടി രൂപയും, ധനുവച്ചപുരം, ചാക്ക, ആറ്റിങ്ങൽ, കൊല്ലം, ഏറ്റുമാനൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ഐ.ടി.ഐ. കളിലെ ഇലക്ട്രിഫിക്കേഷൻ വർക്കിനുവേണ്ടി 2 കോടി 41 ലക്ഷം രൂപയും അനുവദി ച്ചിട്ടുണ്ടായിരുന്നു.

ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ സിവിൽ വർക്ക്സ് (കെട്ടിട നിർമ്മാണം) അഫിലിയേഷൻ നേടുന്നതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുകയുമാണ് ചെയ്തത്. സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 38 ഐ.ടി.ഐ. കൾക്കായി 76 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഡയറ ക്ടറേറ്റിൽ 6 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സംഭരണം നടത്തിയിട്ടുണ്ട്. കൂടാതെ അഡീഷണൽ ഫണ്ടിംഗിൽ നിലവിലുള്ള ട്രേഡുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ സംഭരണം നടത്തുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുന്നു.

(സി) പദ്ധതി കേന്ദ്രസഹായത്തോടെ യാണോ നടപ്പിലാക്കുന്നത് ; എങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതം ചെല വഴിച്ചതിന്റെ വിശദവിവരം ലഭ്യ മാക്കുമോ ?

(സി) വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നവീകരണത്തിനായി കേന്ദ്ര-സംസ്ഥാന പദ്ധതികൾ ആണ് ഉള്ളത്.

ഇൻസ്റ്റിറ്റ്യൂട്ട് ഡവലപ്മെന്റ് പ്ലാൻ അനുസരിച്ചുള്ള അപ്ഗ്രഡേഷന് ആവശ്യമായ 100% തുകയും കേന്ദ്രവിഹിതമായി പലിശരഹിത വായ്പയായിട്ടാണ് അനുവദിച്ചിട്ടുള്ളത്. 26 ഐ.ടി.ഐ. കളിലായി ഓരോ ഐ.ടി.ഐ.യ്ക്കും 2.5 കോടി രൂപ വച്ച് 65 കോടി രൂപ ലഭിച്ചിട്ടുണ്ട്. അതിൽ 44.91 കോടി രൂപ ഐ.ടി.ഐ.കളുടെ അപ്ഗ്രഡേഷന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| SL. No. | Component | (in lakhs) Approved Amounts | (75%) Central Share | 25% State Share | (In Lakhs) | | |
|---|---|---|---|---|---|---|---|
| | | | | | Addl. Amount given by state | Total | Expenditure |
| 1 | C.O.E Project ITI | 2254.6 | 1690.95 | 563.65 | 294.48 | 2549.08 | 2482.27 |
| 2 | MIS | 46.48 | 34.86 | 11.62 | 11.37 | 57.85 | 57.85 |
| 3 | Additional fund ITI (w) Kollam & Malampuzha | 277.97 | 208.48 | 69.49 | -- | 277.97 | -- |
| | | 2579.05 | 1934.29 | 644.76 | 305.85 | 2884.9 | 2540.12 |

സെക്ഷൻ ഓഫീസർ